"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്

ഫോൺ നമ്പർ : 0471 251 8544

ഇ-മെയിൽ : soserviced@gmail.com

നമ്പർ.എസ്.ഡി.2/195/2025-പൊ.ഭ.വ 26-02-2026,തിരുവനന്തപുരം

പ്രേഷകൻ,

സെക്രട്ടറി

സ്വീകർത്താവ്,

ഡയറക്ടർ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ആരോഗ്യ ഭവൻ

എം.ജി റോഡ്, തിരുവനന്തപുരം

സർ,

വിഷയം:- സമാശ്വാസ തൊഴിൽദാന പദ്ധതി - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- 1) 29.03.2025 ലെ സ.ഉ(അ) 4/2025/പി.എ.ആർ.ഡി

2) 12.08.2025 ലെ ഇ5/775/2025/ഡിഎംഇ നമ്പർ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ.ഉ(പി) നം.4/2025/പി.&എ.ആർ.ഡി പ്രകാരം നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള ഒഴിവുകളിൽ 16 ാമത്തെ ഒഴിവ് ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കേണ്ടത് വകുപ്പിൽ സംജാതമാകുന്ന ഒഴിവാണോ അതോ ജില്ലയിൽ സംജാതമാകുന്ന ഒഴിവാണോ എന്നതും സംബന്ധിച്ചും വകുപ്പിൽ ആശ്രിത നിയമനത്തിനായി അപേക്ഷകർ ഉള്ള പക്ഷം പ്രസ്തുത ഒഴിവ് അപേക്ഷകർക്ക് നൽകാവുന്നതാണോയെന്നത് സംബന്ധിച്ച് വ്യക്തത നൽകണമെന്ന് അഭ്യർത്ഥിച്ചും സൂചന(2) പ്രകാരം താങ്കൾ കത്ത് നൽകിയിരുന്നു.

29.03.2025-ലെ സ.ഉ(അച്ചടി) നം.4/2025/പി.&എ.ആർ.ഡി ഉത്തരവ് പ്രകാരം, നേരിട്ടുള്ള

നിയമനം നിയമന രീതിയായിട്ടുള്ള തസ്തികയിലെ ഒഴിവുകൾ ജില്ലാതലത്തിലാണെങ്കിൽ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലാണെങ്കിൽ സംസ്ഥാനതലത്തിലും റിപ്പോർട്ട് ചെയ്യണം. 29-03-2025-ലെ സ.ഉ.(അച്ചടി) നം.4/2025/പി.&എ.ആർ.ഡി ഉത്തരവിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 09-11-2025 ലെ സ.ഉ.(അച്ചടി) നം.15/2025/P&ARD പ്രകാരം സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക I(4) പ്രകാരം ഭരണ വകുപ്പുകൾ നിയമനാനുമതി നൽകിക്കഴിഞ്ഞതോ അർഹത നിശ്ചയിച്ച് കഴിഞ്ഞിട്ടുള്ളതോ ആയ കേസുകളിൽ 29-03-2025-ലെ സ.ഉ.(അച്ചടി) നം.4/2025/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സോഫ്റ്റ്‌വെയർ തയ്യാറാക്കി നിയമന നടപടികൾ ആരംഭിക്കുന്നതുവരെയോ, 31.12.2025 വരെയോ, ഏതാണോ ആദ്യം (ഒഴിവുകൾ നികത്തുന്നതിനുള്ള ഏകീകൃത സംവിധാനം നിലവിൽ വരുന്നതുവരെ) അതുവരെ 24-05-1999-ലെ സ.ഉ.(പി) നം.12/1999/പി.&എ.ആർ.ഡി നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ആശ്രിത നിയമനം നടത്തുന്നതിനുള്ള നടപടികൾ അതാത് ഭരണ വകുപ്പുകൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ 31.12.2025 -ന് മുൻപ് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ ആശ്രിത നിയമനം അതത് ഭരണ വകുപ്പുകൾക്ക് നൽകാവുന്നതാണെന്നും 01.01.2026 മുതലുള്ള ആശ്രിത നിയമന ഒഴിവുകൾ നിയമനാധികാരി നേരിട്ട് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും വകുപ്പുകളിൽ ഇതിനോടകം അനുമതി ഉത്തരവ് ലഭ്യമായി നിയമനം കാത്തിരിക്കുന്ന അപേക്ഷകർക്ക് ഒഴിവുകൾ ലഭ്യമല്ലാത്ത പക്ഷം പേരു വിവരങ്ങൾ ഭരണ വകുപ്പ് മുഖാന്തരം പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സുധ .ബി

അഡിഷണൽ സെക്രട്ടറി

സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Badusha S
Date: 27-02-2026 17:12:33

സെക്ഷൻ ഓഫീസർ.